# ആരവം

# 2025

LITTLE KITES



# DIGITAL MAGAZINE




പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല വിദ്യാഭ്യാസം എന്ന പാഠവം ഉൾക്കൊണ്ട് വിവരവിനിമയ സാങ്കേതിക വിദ്യയുടെ നൂതന ആശയങ്ങളുടെ സഹായത്തോടെ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ ഒത്തിരിസന്തോഷവും അഭിമാനവും തോന്നുന്നു .ഓരോ വരകളിലും വരികളിലും അവരുടെ സർഗാത്മകത തുന്നി ചേർക്കുന്ന ഡിജിറ്റൽ താളുകൾ മറയ്ക്കുമ്പോൾ പുത്തൻ ആശയങ്ങളുടെ വാതായനം തുറന്നിടുകയാണ് 2022 –2025 വർഷത്തെ "ആരവം "എന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

ജെസ്സി പെരേര

ഹെഡ് മിസ്ട്രസ്സ്





### ആശംസകൾ

GHS റിപ്പൺ സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തപെടുന്ന എല്ലാ പരിപാടികളും മികച്ച നിലവാരമുള്ളതും കാര്യക്ഷമവുമാണ് .

ഭൗതികസാഹചര്യങ്ങൾ പരിമിതമാണെങ്കിലും നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപെടുത്തി കൈറ്റിലെ കുട്ടികൾ അവരുടെ ഓരോ പ്രവർത്തനവും വ്യത്യസ്തമാക്കാറുണ്ട് .അമ്മയറിയാൻ -സൈബർ സുരക്ഷാ ക്ലാസ് ,ഭിന്നശേഷിക്കാർക്കായി "ഒരു ദിവസം അവരോടൊപ്പം "തുടങ്ങിയ പ്രവർത്തങ്ങൾ ഒരു മുതൽക്കൂട്ടാണ് .പുതിയ മൊഡ്യൂൾ പ്രകാരമുള്ള ക്ലാസുകൾ കുട്ടികൾക്ക് അവരുടെ മുന്നോട്ടുള്ള വഴികളിൽ ഏറെ പ്രയോജന പെടുന്നതാണെന്നതിൽ യാതൊരു സംശയവും ഇല്ല .സ്കൂളിലെ മുഴുവൻ കുട്ടികളുടെയും സർഗാത്മക കഴിവുകൾ ശേഖരിച്ച ഡിജിറ്റൽ രൂപത്തിലാകാൻ തയ്യാറെടുക്കക്കുന്ന "ആരവം 2025 " ന് എന്റെ ഹൃദയം നിറഞ്ഞ സ്നേഹാശംസകൾ

സൈനബ കുറ്റിക്കാട്ടിൽ


സീനിയർ അസിസ്റ്റന്റ്

വായന എന്നും പ്രസക്തിയുള്ളതാണ്. മനുഷ്യർക്ക് മാത്രം സാധ്യമാകുന്ന സിദ്ദിയാണിത്.ഇ-വായനയുടെ ആവശ്യകത ഈ കാലഘട്ടത്തിൽ വളരയേറെ പ്രാധാന്യം ഉള്ള ഒന്നായി മാറായിരിക്കുന്നു. കുട്ടികളുടെ ഭാവന വികസിപ്പിക്കുന്ന ഈ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു........

അബ്ദുൾസലാം

(S I T C)

# EDITORIAL BOARD




നിഷാസദാനന്ദൻ കെ (L K M)



സജിത കെ (L K M)



ദിൽന ഷെറിൻ
9A



അനാൻ ഫാത്തിമ
9A



മുഹമ്മദ് നിഹാൽ പി

# സ്വാഗതം







# പപ്പ

വാക്കുകളാൽ പറയാൻ പറ്റാത്ത വിസ്മയം
എന്നെ ഞാൻ ആക്കിയ വിസ്മയം
എന്നിലെ ഇഷ്ടങ്ങൾ അറിയാതെ
എന്നിലേക്കെത്തിക്കുന്ന
വിസ്മയം
എന്നിലെ സങ്കടം നിമിഷങ്ങളാൽ
സന്തോഷമാക്കുന്ന
വിസ്മയം
എന്റെ പപ്പ

എസ്ത റ്റി സമദ്
(2എ)

# വികൃതിക്കാരൻ മത്തങ്ങ

ഒരിടത്ത്ഒരുവികൃതിക്കാരൻമത്തങ്ങാക്കുട്ടൻഉണ്ടായിരുന്നു.അടുക്കളയിലെപച്ചക്കറിക്കൂട്ടയിലിരുന്ന് അവന് മടുത്തു. ഒരു ദിവസം അവൻ ആരും കാണാതെഇറങ്ങി ഒറ്റഓട്ടം.ഓട്ടത്തിനിടയിൽ അതാപോക്കിരിപൂച്ചക്കുട്ടനുമായി ഒരു ഉഗ്രൻ കൂട്ടിയിടി! മഹാദേഷ്യക്കാരനല്ലേ പോക്കിരിപ്പൂച്ച. അവന് മത്തങ്ങാക്കുട്ടനോട്ദേഷ്യംവന്നു. "പ്ധും"!മത്തങ്ങാക്കുട്ടൻ രണ്ടു കഷ്ണമായിഅതിലൊരുകഷണം ചക്കരമാവിലെ കാക്കച്ചിവന്ന് കൊത്തികൊണ്ടുപോയി. മറ്റേകഷണം തുന്നായൻ ചുണ്ടെലിയും കൊണ്ടുപോയി."വികൃതികാട്ടുന്നത് നല്ലതല്ല"ഇതെല്ലാം കണ്ട് പച്ചക്കറിക്കൂട്ടയിലിരുന്നമറ്റ് പച്ചക്കറിക്കുട്ടികൾ പറഞ്ഞു.

ഇഷ ഷെസ്മിൻ. കെ.എം
2ബി

## ചിരി(കവിത)

ചിരിയുണ്ടാകുന്നതോ,
നന്മനിറഞ്ഞ ഹാസ്യങ്ങളിൽ
സൗഹൃങ്ങളിൽ സന്മനസുകളിൽ
മാത്രമാണങ്കിൽ!
എന്നേ നഷ്ടപ്പട്ട ചിരി
ഓറ്ത്തെടുക്കാനാവില്ലൊരിക്കലും

നടന്നുപോകുന്നവനെ കടക്കാരനാക്കുന്ന
കച്ചവട മാസ്മരീകത
തിരിച്ചറിയാനാകാതെ,
സുഖഭോഗങ്ങളിൽ
തിരിന്നുനോക്കാനാവാതെ,
മോഹങ്ങളും സ്വപ്നങ്ങളും
ഉയർന്ന മണ്കുമ്പാരത്തിനുച്ചിയിൽ
ചെന്നുലയുന്നു

സ്വയം ചോദ്യചിഹ്നമാകുന്ന
കടക്കെണിയിൽ വീണ ശരീര
കൂട്ടമായ് തെറ്റിവീണ്പൊടിയുമ്ബോൾ
ചിരിയെന്നദിലാഷം
ഈ മണ്ണിൽ തീർത്തൊരു
മുഖം മൂടിയാകുന്നു

-മുഫ് ലിഹ
(9A)

# കാറ്റ്

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിൻമുഖം കാണുവാനെത്രനാളായ്
ഉമ്മത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല ! പക്ഷേ
ഉമ്മ വയ്ക്കുന്നു നിയെൻ കവിളിൽ
ഒന്നെന്റെ കൺമുമ്പിൽ വന്നുകൂടെ
ഒന്നിച്ചൊരൽപ്പം കളിച്ചുകൂടെ ?
മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ   കാറ്റേ........

ലബിബ ഫാത്തിമ.സി
(8A)

# താരങ്ങൾ



*District team*



2020-2023



2022-2025

# SUB DISTRICT TEAM



2024 BATCH



2025 BATCH

# റസോണൻസ് 2023 (കലാമേള)





# ഭിന്നശേഷി വാരാചരണം







## ലഹരി വിരുദ്ധ ക്ലബ്

കുട്ടികളിലും കൗമാരക്കാരിലും മദ്യം മയക്കുമരുന്ന് മറ്റ് ലഹരി പദാർത്ഥങ്ങൾഎന്നിവയുടെ വിപത്തുകളെ കുറിച്ച് ബോധവൽകൽരണം നടത്തി പുതുതലമുറയെ നല്ല നാളേക്കായി വാർത്തെടുക്കാൻ ജി.എച്ച്.എസ് റിപ്പണിലെ കൂട്ടായ്മയിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു

## BULBUL UNIT



# നിറദീപം

പുഴയിലൂടൊഴുകുന്ന ദീപങ്ങൾ നോക്കി
ഞാനെരിയുന്ന മനസ്സോടെയിവിടിരിക്കേ
ഹൃദയത്തിനാഴത്തിലൊരുമുഖം നിൻമുഖം
നിറദീപമായിത്തെളിഞ്ഞു നിൽക്കേ
വേർകരിഞ്ഞൊരു മരം പോൽ
ഞാൻ വഴിവക്കിലിത്തിരി
തണലോർമ്മയാകുമ്പോഴും
നിറമുള്ള വാക്കിനാൽ നീയെന്നെ ദൂരേക്ക
ദൂരേക്ക പടരാൻ ക്ഷണിക്കയാണോ
ഓ ഇങ്ങളിൽ ചെരാതൊഴുകുന്നു,മായുന്നു
ഈ ജന്മമിങ്ങനെ തീരുമ്പോഴും
നീയെന്റെ പുഴയെങ്കിൽ
നിന്നിലൂടൊഴുകുന്ന
പൂവിതളാകാൻ കൊതിച്ചുപോകും.

# വിക്രമനും പവിത്രനും

വിക്രമനും പവിത്രനും ചങ്ങാതിമാരായിരുന്നു.ഒരു ദിവസം അവർ മൈതാനത്തിലേക്ക് പട്ടം പറത്താൻ പോയി.വിക്രമന്റേത് വെളുത്ത പട്ടവും പവിത്രന്റേത് കറുത്ത പട്ടവുമായിരുന്നു.വിക്രമന്റെ വെളുത്ത പട്ടം മുകളിലേക്ക്ഉയർന്ന് വെണ്മേഘങ്ങളോടൊപ്പം ചേർന്നു.പവിത്രന്റെ കറുത്ത പട്ടമോ? എത്ര ശ്രമിച്ചിട്ടും അത് മേലോട്ടുയരുന്നില്ല.ഹ...ഹ..ഹ... വിക്രമൻ പൊട്ടിച്ചിരിച്ചു.നീ എന്തിനാ ചിരിക്കുന്നേ? പവിത്രൻ ചോദിച്ചു.എടാ നിന്റെ പട്ടത്തിന്റെ നിറം കറുപ്പല്ലേ? കറുത്തവർക്ക് മേലോട്ടുയരാനാവില്ല.അത് കേട്ടപ്പോൾ പവിത്രന് സങ്കടം സഹിക്കാനായില്ല. അവൻ മൈതാനത്തിലെ പാരപ്പുറത്തിരുന്ന് പൊട്ടിക്കരയാൻ തുടങ്ങി. എന്തിനാ കരയുന്നേ ചോദ്യം കേട്ട് പവിത്രൻ തിരിന്നു നോക്കി തന്റെ സ്കൂളിലെ രമേശൻ സാറിനെ കന്ടപ്പോൾ പവിത്രൻ കരച്ചിലടക്കി തിരിന്നു നോക്കി

–മുഫ് ലിഹ AP
9A

# സ്വപ്നം

മനസ്സിന്റെയുള്ളിൽ
മയങ്ങാത്ത സ്വപ്നം
പൂമൊട്ടുപോലെ
വിടരുന്ന സ്വപ്നം
പൂമ്പാറ്റപോലെ
പറക്കുന്ന സ്വപ്നം
ഏഴു വർണങ്ങളും
ചാലിച്ച സ്വപ്നം
മനസ്സിന്റെയുള്ളിൽ
മയങ്ങാതെ സ്വപ്നം!

നിദ ഫാത്തിമ. പി.എ
9A

## മുന്നോട്ട്

ഇരുളിനെ നീക്കി പ്രകാശം
പരത്തിടാം
ചിറകുകൾ വീശി
പറന്നുയർന്നിടാം
കരുത്താർജ്ജിക്കാം കാലത്തെ
അതിജിവിച്ചിടാം
സ്നേഹത്തിൻ മാമ്പൂക്കൾ
വിടർത്തിടാം
തണലായി തുണയായ് കൂടെ
നിന്നിടാംകരുണക്കായ്
കൈകോർക്കാം ഒന്നായ്
നിന്നിടാം
മുന്നോട്ടു പോയിടാം പാറി
പറന്നിടാം




ദിൽന ഷെറിൻ
കെ.
(8A)

# KITE ACTIVITIES



ഫ്രീഡം ഫെസ്റ്റ്




# വരകളിലൂടെ












രെജ ഫാത്തിമ & സിനാൻ

# മഴ



നൂൽ പൊട്ടിയ മുത്തുമാലപോൽ
ചിതറിത്തെറിച്ചു നീ ഭൂമിയെ
പുളകം കൊള്ളിക്കവെ...........
ഏറ്റം രസമുള്ള കാഴചയായി
ഞാനേറെ നേരം
ജാലകവാതിലിൻ ചാരെയിരിപ്പുണ്ട്
മണ്ണിനും മാനവനും അനുഗ്രമായ്
ഭൂമിയിൽ എത്തുന്ന വിരുന്നുകാരി.......
നീ പെയ്യുന്നതും ചോരുന്നതും
ഒടുവിലൊരു താരാട്ടുപോൽ
നേർത്ത നിന്റെ മൂളക്കവും
എറെയേറെ പ്രിയപ്പെട്ടതായിരുന്നു
എന്റെ കളിക്കളദിവസങ്ങളിലൊരു
രസംകൊല്ലിപോൽ നീ വന്നാലും
അടുത്തിരിക്കുന്നോർക്കോരു
മൂക്ക്മുഷിപ്പിക്കും നനവിന്റെ
ചൂര് പേറും കുപ്പായമെങ്കിലും
മുറ്റം നിറഞ്ഞൊരു വെള്ളക്കെട്ടുപോൽ
അതിരുകൾ കാണാതെ നിറച്ചുനീ വെച്ചാലും
ഇന്നലകളിൽ വരെ മഴേ.................
നീയെനിക്കേറെ പ്രിയമുള്ളതായിരുന്നു
ഇന്നത്തെ മഴയിലൊരു
ദുരന്തത്തിൽ നോവൊളിച്ചരിപ്പുണ്ട്.

മുഹമ്മദ് റാഫി
10എ

# പൂക്കളും പൂമ്പാറ്റയും

പണ്ട് പണ്ടൊരു പൂമ്പാറ്റയുണ്ടായിരുന്നു. ആ പൂമ്പാറ്റ വളരെ സുന്ദരിയായിരുന്നു. ഒരു ദിവസം എന്റെ വീട്ടിൽ ആ പൂമ്പാറ്റ വന്നു ചെമ്പരത്തിയിൽ ഇരുന്ന് തേൻ നുകരുകയായിരുന്നു. മഴ പെയ്തപ്പോൾ ആ കുഞ്ഞുപൂമ്പാറ്റയുടെ ചിറകൊടിഞ്ഞു. അത് വെള്ളത്തിലേക്ക് വീണു. അതിന് പറക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഞാൻ അതിനെ രക്ഷിച്ചു വിടിനകത്തോട്ട് കൊണ്ട് പോയി. തേൻ കൊടുത്തു. വെയിൽ വന്നപോൾ അതിനെ എന്റെ കയ്യിൽ വച്ച്പറത്തിവിട്ടു. അപ്പോൾ എനിക്ക് വളരെ സന്തോഷമായി. പിറ്റേ ദിവസം വീണ്ടും ആ പൂമ്പാറ്റ വീണ്ടും എന്റെ വീട്ടിൽ തേൻ നുകരാൻ വന്നു. ഞാനവിടെ ഉമ്മറത്ത്നിന്നപ്പോൾ ആ പൂമ്പാറ്റ എന്നെ ചുറ്റി. നമ്മുടെ പോലെത്തന്നെയാണ് മൃഗങ്ങളും പക്ഷികളും ജീവജാലങ്ങളും അവർക്കും മനുഷ്യസ്നേഹമുണ്ട്.



വിസ്മയ

# എന്തുകൊണ്ട് ?.

ഒരിക്കൽ ഞാൻ ഒരു തിരക്കേറിയ പാതയിലൂടെ യാത്ര ചെയ്യുകയായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ ഞാൻ ഒരു ട്രാഫിക്കിൽ പെട്ടു. എല്ലാവർക്കും തിരക്കുകളുണ്ട്. അവർക്ക് കഴിയുന്നത്ര വേഗതയിൽ അവർ നടക്കുന്നുണ്ട്. ഞാൻ ഈ കാഴ്ച്ചയൊക്കെ ആസ്വദിച്ചിരിക്കുകയായിരുന്നു . അപ്പോൾ പെട്ടന്ന് ഞാൻ ഒരു കാഴ്ച്ച കാണാൻ ഇടയായി. ഒരു ചെറിയ പയ്യൻ അവന്റെ പോക്കറ്റിൽ നിന്ന് ഒരു ബ്രഡ് എടുത്ത് ഒരു കടി കടിച്ചു. രണ്ടാമതായി ഒരു കടി കടിക്കാൻ നിന്നപ്പോഴേക്കും ഒരു പട്ടി അവന്റെ അടുത്തേക്ക് വന്നു വാലാട്ടി. അപ്പോൾ അവൻ ഒരു മടിയുമില്ലാതെ ആ ബ്രഡ് ആ പട്ടിക്കിട്ടുകൊടുത്ത്. ആ പട്ടി അത് മണത്തു നോക്കി യതിനു ശേഷം അത് കഴിക്കാതെ പോയി . അപ്പോൾ ആ പയ്യൻ നിലത്തുള്ള ആ ബ്രഡ് എടുത്ത് അതിലെ പൊടി തട്ടി അത് കഴിച്ചു. എനിക്ക് അത് കണ്ടപ്പോൾ വളരെ വിഷമമായ◌ി.

എനിക്ക് ആ പയ്യന്റെയടുത്ത് പോകണമെന്നുണ്ടായിരുന്നു പക്ഷെ അപ്പോഴേക്കും ഗ്രീൻ സിഗ്നലായി ഞാൻ വണ്ടിയെടുത്തു. ഞാൻ ആ പയ്യനെക്കുറിച്ച് ചിന്തിച്ചുകൊണ്ടേയിരുന്നു. ശേഷം ഞാൻ വീട്ടിലെത്തിയപ്പോൾ ഞാൻ ആലോചിച്ചു. എനിക്ക് അവന്റെയടുത്ത് പോകണമെന്നുണ്ടായിരുന്നു പക്ഷെ ഞാൻ പോയില്ല. എനിക്ക് വേണമെങ്കിൽ കാർ ഒരു സൈഡിൽ ഒതുക്കി അവന്റെയടുത്തേക്ക് നടക്കാമായിരുന്നു. പക്ഷെ ഞാൻ ചെയ്തില്ല. ഞാൻ ആകെ ചെയതത് കുറേ നേരം ഇങ്ങനെ ആലോചിച്ചിരിക്കുകയയാണ്.

ഞാൻ ആലോചിച്ച് ആലോചിച്ച് കുറേ സമയം കളഞ്ഞു. ആ പയ്യൻ ചെയ്തത് സ്വന്തം വിശപ്പ് മാറ്റി വച്ച് അവൻ ആ പട്ടിയുടെ വിശപ്പ് മാറ്റാൻ ശ്രമിച്ചു. ഞാൻ ഒരു വലിയ പാഠം ആ കുട്ടിയിൽ നിന്ന് പഠിച്ചു. അതും അവനോടൊന്ന് സംസാരിക്കുക പോലും ചെയ്യാതെ. സന്തോഷവും സ്നേഹവും എല്ലാവരിലേക്കും ഷെയർ ചെയ്യണമെന്ന് അവൻ പഠിപ്പിച്ചു.

മുഹമ്മദ് ഷമീം
10 A

## ചുവന്ന ചെമ്പരത്തി

ഒരുദിവസം ഒരു കുഞ്ഞിപ്പൂമ്പാറ്റ ഒരു ചുവന്ന ചെമ്പരത്തി പൂവിനെ കണ്ടു. "ഹായ് ചുവന്ന ചെമ്പരത്തിപ്പൂവ്" കുഞ്ഞി പൂമ്പാറ്റ അതിന്റെ ഇതളുകൾ എണ്ണി ' 1, 2, 3, 4, 5' ഇതളുകൾ. കുഞ്ഞിപ്പൂമ്പാറ്റ ചുവന്ന ചെമ്പരത്തിയോട് പറഞ്ഞു. നിന്നെ കാണാൻ നല്ല ചന്തമുണ്ട്. അപ്പോൾ ചുവന്ന ചെമ്പരത്തിപ്പൂവ് പറഞ്ഞു എന്നെ കാണാൻ ചന്തമുണ്ടെങ്കിൽ നിന്നെ കാണാനും ചന്തമുണ്ട് പൂമ്പാറ്റെ... അങ്ങനെ അവർ അതും ഇതും പറഞ്ഞ് നേരം നട്ടുച്ചയായി . ചെമ്പരത്തി കുഞ്ഞി പൂമ്പാറ്റയോട് പറഞ്ഞു "നേരം നട്ടുച്ചയായി... നിന്റെ ചിറകുകൾ വാടണ്ട... നീ വീട്ടിൽ പോയിക്കോ.... ഇതു കേട്ട കുഞ്ഞിപ്പൂമ്പാറ്റയ്ക്ക് സങ്കടമായി. മനസ്സില്ലാ മനസ്സോടെ കുഞ്ഞിപ്പൂമ്പാറ്റ വീട്ടിലേക്ക് പോയി. നേരം രാത്രിയായപ്പോൾ കുഞ്ഞി പൂമ്പാറ്റ കിടന്നു. ചുവന്ന ചെമ്പരത്തി പറഞ്ഞത് കേട്ട് കുഞ്ഞിപ്പൂമ്പാറ്റയ്ക്ക് ആലോചിച്ച് ഉറക്കം വരുന്നില്ല... കരഞ്ഞു. ഇതു കേട്ട് അണ്ണാൻ കുഞ്ഞിപ്പൂമ്പാറ്റയുടെ അടുത്തേക്ക് വന്നു കുഞ്ഞി പൂമ്പാറ്റയോട് പറഞ്ഞു ചെമ്പരത്തി പൂവിന് ഒരു ദിവസം മാത്രമേ ആയുസ്സുള്ളൂ. അത് കൊണ്ട് നീ കരയണ്ട. ഇത് കേട്ടപ്പോൾ കുഞ്ഞിപ്പൂമ്പാറ്റ ഒന്നുകൂടി കരഞ്ഞു. ങീ ങീ ങീ..... അപ്പോൾ പുറകിൽ നിന്നും " ഹായ് കുഞ്ഞിപ്പൂമ്പാറ്റേ.... അപ്പോൾ കുഞ്ഞിപ്പൂമ്പാറ്റ പുറകിലേക്ക് തിരിഞ്ഞു നോക്കി അന്തം വിട്ടു. ഒന്നല്ല.... രണ്ടല്ല.... നൂറ് ചെമ്പരത്തി പൂക്കൾ...... ഇത് കണ്ട കുഞ്ഞിപ്പൂമ്പാറ്റയ്ക്ക് വളരെയധികം സന്തോഷമായി....



## അപരിചിതർ

എന്തൊരു ചൂട് അവർ സാരിത്തുമ്പ് കൊണ്ട് മുഖം തുടച്ചു. മഴ ഇപ്പോഴൊന്നും ഉണ്ടാകുമെന്ന് തോന്നുന്നില്ല. അതെങ്ങനെ.. കാലാവസ്ഥ പഴയപോലെയൊന്നും അല്ലല്ലോ... ഞാൻ കണ്ണടച്ചിരുന്നു. യാത്രയിലെ സംസാരങ്ങൾ ഒട്ടും ആഗ്രഹിക്കുന്നില്ല എന്നായിരുന്നു അതിനർത്ഥം. അവർ ഒരു ഓറഞ്ച് തൊലി നീക്കി പകുതി അല്ലികൾ നീട്ടി. എനിക്ക് ദാഹിക്കുന്നുണ്ടായിരുന്നു. അപരിചിതയായ ഒരാളിൽ നിന്ന് അത്താരമൊരു ദയ സ്വീകരിക്കാൻ തയ്യറല്ലായിരുന്നിട്ടും ആ കൈകൾ യാന്ത്രികമായി നീണ്ടു. മധുര അല്ലികൾ തൊണ്ടയെ നനച്ചപ്പോൾ എങ്ങോട്ടാണ് എന്ന ചോദ്യത്തിൽ ഞാനവരെ നോക്കി. അത്രക്ക് പ്രത്യേകതകളൊന്നുമില്ലാത്ത പ്രായമുള്ള ഒരു സധാരണ സ്ത്രീ. നെറ്റിയിൽ വലിയ കുറിയും ജപമാലകളും ഭസ്മത്തിൻ്റെ മണം. അമ്മയെ ഓർമ്മ വന്നു. എഴുപതാം വയസ്സിൽ ഇറങ്ങിപോകുമ്പോൾ കൂടെ ഓർമ്മകൾ പോലും കൊണ്ട്പോകുന്നില്ലെന്ന് പറഞ്ഞതാണ്. തേടി വരാൻ പാടില്ലെന്ന താക്കീതും... ഓറഞ്ചിന്റെ അല്ലികൾ കൈയിലിരുന്ന് വിയർത്തു.. തൊണ്ടയിൽ നിന്ന് ആദിമമായ ഒരു ശബ്ദ്ദം പുറത്തേക്ക് വിങ്ങി.... ഓർമ്മകൾ........

ഫിദ ഫാത്തിമ കെ പി
10 B

# നന്ദി

Little Kite ക്ലബ്ബ് ഒരു അത്ഭുതമാണ് .ലോകം ഐ ടി മേഖലയിൽ വൻ കുതിച്ചുചാട്ടം നടത്തുകയാണ് .വിവരവിനിമയ സാങ്കേതിക വിദ്യ ജീവിതത്തിൽ ഒഴിച്ച് കൂടാനാവാത്ത ഒന്നായി മാറുമ്പോൾ, തീർച്ചയായും KITE ലെ പാഠ്യപ്രവർത്തനങ്ങൾ ഞങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ് .ഇതിന്റെ ഭാഗമാവാൻ കഴിഞ്ഞതും ഞങ്ങളുടെ കഴിവുകൾ വളർത്തിയെടുക്കാൻ ഒരു കൈതാങ്ങാവാൻ സഹായിച്ച കൈറ്റിന്റെ സജിത ടീച്ചർക്കും നിഷ ടീച്ചർക്കും നന്ദി അറിയിക്കുന്നു "ആരവം 2025 " ന്റെ നിറങ്ങൾ ചാലിച്ച എഴുത്തുകൾക്കും ,വരകൾക്കും ഒപ്പം സഹായിച്ച മുഴുവൻ കൂട്ടുകാർക്കും എന്റെയും little kite ന്റെയും നന്ദി അറിയിക്കുന്നു



**ചീഫ് എഡിറ്റർ**
**(ലിറ്റിൽ കൈറ്റ് അംഗം )**